സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ സൗത്ത് ഇന്ത്യൻ ബാങ്ക് മുഖേന സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളുടെ പ്രവർത്തനം തുടരുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ആർ.ഒ.സി.1653/2023/ഇഡിപി. തിരുവനന്തപുരം, 15.07.2025

---

**പരാമർശം:** 1. 11/09/2023 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്

2. 08/05/2025 ലെ ആർ.ഒ.സി.04/2025/ശബ. നമ്പർ ബോർഡ് ഉത്തരവ്

3. സൗത്ത് ഇന്ത്യൻ ബാങ്ക് 16/06/2025 ൽ സമർപ്പിച്ച SIB/BR/0119/GEN/47/2025-26 നമ്പർ കത്ത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ഏതാനും ക്ഷേത്രങ്ങളിൽ സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവ മുഖേന ഇ-കാണിക്ക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റ് കൃത്യമായി ലഭിക്കുന്നില്ലായെന്നതിനാൽ അതത് ക്ഷേത്രങ്ങളിലെ കാണിക്കവരുമാനം ആ ക്ഷേത്രത്തിന്റെ കണക്കിൽ ഉൾപ്പെടാതിരിക്കുകയും, ക്ഷേത്രത്തിന്റെ ഗ്രേഡ് നിർണ്ണയം തടസ്സപ്പെടുന്നതായും അവലോകന യോഗത്തിൽ ഡിപ്പാർട്ട്മെന്റിലെ വിവിധ ഉദ്യോഗസ്ഥർ അറിയിച്ചതിനെ തുടർന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് മുഖേന സ്ഥാപിച്ചിട്ടുള്ള ഇ-കാണിക്ക നിർത്തലാക്കുവാൻ തീരുമാനിച്ച് ബോർഡ് ഉത്തരവായി. (പരാമർശം-2).

എന്നാൽ കഴിഞ്ഞ മണ്ഡല മകരവിളക്ക് മഹോത്സവ സമയത്ത് ശബരിമലയിലെ അപ്പം അരവണ കൗണ്ടറുകളിൽ ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി സൗത്ത് ഇന്ത്യൻ ബാങ്ക് വിജയകരമായി പ്രവർത്തിപ്പിച്ചിട്ടുള്ളതാണെന്നും, ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളെ കുറിച്ച് ഭക്തജനങ്ങൾക്ക് അറിവ് നൽകുന്നതിലേക്കായി കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലും ഇൻഫർമേഷൻ കിയോസ്ക് ബാങ്ക് പ്രവർത്തിപ്പിച്ചിരുന്നുവെന്നും, വരുമാന വിവരങ്ങൾ അറിയുന്നതിലേക്കും സ്റ്റേറ്റ്മെന്റ് എടുക്കുന്നതിലേക്കുമായി ഒരു വെബ്സൈറ്റ് ഡാഷ്ബോർഡ് സംവിധാനം നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുള്ളതാണെന്നും ആയതിൽ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ആവശ്യമായ സ്റ്റേററ്മെന്റുകൾ വിവിധ മാതൃകയിൽ ലഭ്യമാകുന്നതിനുള്ള സൗകര്യം ഉള്ളതാണെന്നും ആയത് ദേവസ്വം ബോർഡ് ആസ്ഥാനത്തും കൂടാതെ സബ്ഗ്രൂപ്പ്, അതത് ക്ഷേത്രങ്ങൾ എന്നിവിടങ്ങളിലും ഉപയോഗിക്കാവുന്നതാണെന്നും വിവരിച്ചുകൊണ്ടും ആകയാൽ സൗത്ത് ഇന്ത്യൻ ബാങ്ക് മുഖേനയുള്ള ഇ-കാണിക്ക സംവിധാനങ്ങൾ ഒഴിവാക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ടും, ഡിജിറ്റൽ പേയ്മെന്റ്

സംവിധാനങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള കൂടുതൽ സഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടും ബാങ്ക് കത്ത് നൽകി. (പരാമർശം-3).

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പരാമർശം(3) കത്തിലെ അപേക്ഷ ബോർഡ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. പരാമർശം(2) ഉത്തരവിൽ ഭേദഗതി വരുത്തി, നിലവിലെ കരാർ കാലാവധി കഴിയുന്നതുവരെ സൗത്ത് ഇന്ത്യൻ ബാങ്ക് മുഖേന ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ, ഇ-കാണിക്ക എന്നിവ തുടരുന്നതിന് അനുവാദം നൽകുന്നു.
2. സൗത്ത് ഇന്ത്യൻ ബാങ്ക് ലഭ്യമാക്കിയിട്ടുള്ള ഡാഷ്ബോർഡ് മുഖേന സ്റ്റേറ്റ്മെന്റുകൾ കൃത്യമായി എടുത്ത് പരിശോധിക്കുന്നതിനും നിയമപ്രകാരം പരിപാലിക്കുന്നതിനും ദേവസ്വം അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.
3. ഓരോ ക്ഷേത്രങ്ങളിലെയും ഇ-കാണിക്ക വരവ് അതാത് അഡ്മിനിസ്ട്രേറ്റീവ്/ സബ്ഗ്രൂപ്പ് ഓഫീസർമാർക്ക് ഇ-മെയിൽ ആയും കൂടാതെ എസ്.എം.എസ്/ആപ്പ് മെസ്സേജ് ആയും ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് ബാങ്കിന് നിർദ്ദേശം നൽകുവാൻ ദേവസ്വം അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.
4. ഓരോ ക്ഷേത്രങ്ങളിലെയും ഇ-കാണിക്ക വരവ് അതാത് ക്ഷേത്രങ്ങളുടെ 9-ാം നമ്പർ രജിസ്റ്ററിൽ മാസാമാസം പ്രത്യേകം കോളം പിടിച്ച് ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിന് ദേവസ്വം അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(ഡിജിറ്റൈസേഷൻ)

**പകർപ്പ്:**

1. ദേവസ്വം കമ്മീഷണർ
2. സൂപ്രണ്ട് ഓഫ് പൊലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
5. എക്സിക്യുട്ടീവ് ഓഫീസർ, ശബരിമല
6. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും } *(ഇമെയിൽ/ വെബ്സൈറ്റ് മുഖേന)*
7. എല്ലാ അസി:ദേവസ്വം കമ്മീഷണർമാർക്കും }
8. സീനിയർ മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക്, തിരുവനന്തപുരം
9. ഐടി ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
10. സെക്ഷൻ ഫയൽ/ഫെയർ ഓഫീസ് കോപ്പി